LIBRARY ARCHIVES Kerala Legislative Assembly

ജലേതര വൈദ്യുതി പദ്ധതികളിൽ നിന്നുമുള്ള ഉത്പാദനം

24(*654) ശ്രീ. പുരുഷൻ കടലുണ്ടി :

ശ്രീ. എം. എ. ബേബി :

ഡോ. ടി. എം. തോമസ് ഐസക് :

ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജലവൈദ്യുതി പദ്ധതിയിൽനിന്നല്ലാതെ വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുന്ന മേഖലകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് ഈ സർക്കാരിന്റെ കാലയളവിൽ സാദ്ധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ബജറ്റുകളിൽ പ്രഖ്യാപിച്ച ജലവൈദ്യുത പദ്ധതികളിൽനിന്ന് ഉൽപ്പാദനം സാദ്ധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് ജലേതര സ്രോതസ്സുകളിൽ മുൻകാലത്ത് സ്ഥാപിക്കപ്പെട്ട പദ്ധതികളുടെ ഉൽപ്പാദനശേഷിയും കഴിഞ്ഞ നാല് വർഷത്തെ ഉൽപ്പാദനത്തിന്റെ ശതമാനവും മൊത്തത്തിൽ വിശദമാക്കാമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) ഉണ്ട്. പ്രധാനമായും സൗരോർജ്ജവും കാറ്റും ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതികൾക്കാണ് സർക്കാർ പ്രാധാന്യം നൽകുന്നത്.

സൗരോർജ്ജ പദ്ധതിയിലൂടെ വൈദ്യുതോല്പാദനം നടത്തുന്നതിനായി സർക്കാർ ധനസഹായത്തോടെ അനെർട്ടുവഴി ആവിഷ്കരിച്ചു നടപ്പിലാക്കുന്ന പദ്ധതികളാണ് 10000 റൂഫ് ടോപ്പ് പദ്ധതി, സോളാർ കണ്ണകു ശൃംഖലാബന്ധിത വൈദ്യുത പദ്ധതി എന്നിവ. 10 മെഗാവാട്ട് സ്ഥാപിതശേഷി ലക്ഷ്യമിട്ട് ആരംഭിച്ച 10,000 റൂഫ് ടോപ്പ് പദ്ധതിയിൽ ഇതുവരെയായി 7.1 മെഗാവാട്ടിലധികം സ്ഥാപിതശേഷി കേരളത്തിലുടനീളം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

കൂടാതെ 2014-ൽ ആരംഭിച്ച 12 മെഗാവാട്ട് ശൃംഖലാബന്ധിത പദ്ധതിയായ സോളാർ കണകുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

ഇതിനുപുറമെ അനെർട്ടിന്റെ ആഭിമുഖ്യത്തിൽ പൊതുകെട്ടിടങ്ങളിൽ സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന 139.0 കിലോവാട്ട് ശേഷിയുള്ള പദ്ധതികൾ

കമ്മീഷൻ ചെയ്യുകയും 821.5 കിലോവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലുമാണ്. പാലക്കാട് ജില്ലയിലെ കുഴൽമന്ദത്ത് അനെർട്ടിന്റെ സ്വന്തം സ്ഥലത്ത് 2 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റിന്റെ ടെണ്ടർ നടപടികൾ അവസാനഘട്ടത്തിലാണ്. ഇതുകൂടാതെ സൗരവൈദ്യുതിയിൽ പ്രവർത്തിക്കുന്ന 61000 റാന്തലുകൾ വിതരണം ചെയ്യുകയും സർക്കാർ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 1427 സൗരോർജ്ജ തെരുവുവിളക്കുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

കെ.എസ്.ഇ.ബി. ലിമിറ്റഡുവഴി നടപ്പിലാക്കുന്ന സൗരോർജ്ജ പദ്ധതികൾ അനുബന്ധം I ആയി ചേർക്കുന്നു.*

കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. സ്വകാര്യ സംരംഭകർവഴി കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതി (അഗളിയിൽ).	600 കിലോവാട്ടിന്റെ രണ്ട് യൂണിറ്റുകൾ - കിറ്റെക്സുമായികെ.എസ്.ഇ.ബി15-11-2013-ൽ PPA വച്ചു.
2. പാലക്കാട് ജില്ലയിൽ അഗളിയിൽ NHPC-യുമായി ചേർന്ന് 82 മെഗാവാട്ടിന്റെ പദ്ധതി.	ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. പ്രസരണ ശൃംഖല വികസിപ്പിക്കുന്നതിനുവേണ്ട നടപടികൾ തുടങ്ങിക്കഴിഞ്ഞു.
3. കഞ്ചിക്കോട് INOX എന്ന കമ്പനിയുടെ 22 മെഗാവാട്ട് പദ്ധതി.	സാങ്കേതിക അംഗീകാരം ANERT-ൽ നിന്നും ലഭിച്ചിട്ടുണ്ട്.

അനെർട്ട് കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കാൻ സാങ്കേതിക അനുമതി നൽകിയിട്ടുള്ള സ്ഥാപനങ്ങളുടെ പട്ടികയും ജലേതര പദ്ധതികളിൽ നിന്ന് വൻതോതിൽ ഉല്പാദനം ലക്ഷ്യമിട്ട് ഈ സർക്കാർ പരിഗണിക്കുന്ന പദ്ധതികളുടെ പട്ടികയും അനുബന്ധം II ആയി നൽകിയിരിക്കുന്നു.*

(ബി) ഉണ്ട്. നിർമ്മാണം നടന്നുവരുന്നതും ആരംഭിച്ചതുമായ ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പൂർത്തിയാക്കി 39.41 മെഗാവാട്ടിന്റെ സ്ഥാപിതശേഷി വർദ്ധിപ്പിക്കാൻ ഈ സർക്കാരിന്റെ കാലയളവിൽ സാധിച്ചിട്ടുണ്ട്. കൂടാതെ 63.6 മെഗാവാട്ട് സ്ഥാപിതശേഷിവരുന്ന 6 ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ട്. ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച ജലവൈദ്യുത പദ്ധതികളുടെ വിശദവിവരം അനുബന്ധം III ആയി നൽകിയിരിക്കുന്നു.*

(സി) സംസ്ഥാനത്ത് ജലേതര സ്രോതസ്സുകളിൽ മുൻകാലത്ത് സ്ഥാപിക്കപ്പെട്ട പദ്ധതികളുടെ ഉൽപ്പാദന ശേഷിയും കഴിഞ്ഞ നാലു വർഷത്തിന്റെ ഉൽപ്പാദനവും അനുബന്ധം IV ആയി കൊടുത്തിരിക്കുന്നു.*

ഇതിനുപുറമെ 10,000 സോളാർ റൂഫ് ടോപ്പ് സ്ഥാപിക്കുക വഴി 1.7 മെഗാവാട്ട് സ്ഥാപിതശേഷിയും പൊതുകെട്ടിടങ്ങളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുക വഴി 139 കിലോവാട്ട് സ്ഥാപിതശേഷിയും സംസ്ഥാനത്ത് കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

യുവജനക്ഷേമ പ്രവർത്തനങ്ങൾ

25 (*655) ശ്രീ. വി. വി. രാജേഷ് :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ യുവജനങ്ങളുടെ പ്രശ്നങ്ങളും പരിഹാരങ്ങളും സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) യുവജന നയരേഖയിലെ പ്രഖ്യാപനങ്ങൾ നടപ്പിലാക്കുന്നതിലെയും പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) എങ്കിൽ ഇത് സംസ്ഥാനത്തെ യുവജനങ്ങളുടെ യഥാർത്ഥ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എത്രത്തോളം പ്രയോജനകരമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ വിശദമാക്കാമോ ;

(ഡി) അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ യുവജനങ്ങൾക്ക് സർക്കാർ സർവ്വീസിൽ തൊഴിൽ സാദ്ധ്യത എത്രത്തോളം കുറയുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ട്?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി) :

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly